LIBRARY ARCHIVES Kerala Legislative Assembly

തിരക്കുള്ള സമയങ്ങളിൽ അമിതമായ യാത്രാക്കൂലി ഈടാക്കുന്നില്ലായെന്ന് ഉറപ്പാക്കണമെന്നും നോർക്ക വകുപ്പ് കേന്ദ്ര വ്യോമയാന വകുപ്പിനോടും എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യയോടും എയർ ഇന്ത്യ എക്സ്പ്രസ്സിനോടും കത്ത് മുഖേന അഭ്യർത്ഥിച്ചിരുന്നു. യാത്രാക്കൂലി ക്രമാതീതമായി വർദ്ധിപ്പിച്ച് എയർലൈനുകൾ യാത്രക്കാരെ ബുദ്ധിമുട്ടിക്കുന്നില്ല എന്ന് ഉറപ്പാക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടതിനെ തുടർന്ന് യാത്രക്കാർക്ക് എയർലൈനുകൾ യാത്രാക്കൂലി നിശ്ചയിക്കുന്ന രീതി അറിയുന്നതിനും പട്ടികയിലുള്ള ആഭ്യന്തര എയർലൈനുകൾ അമിത നിരക്ക് ഈടാക്കുന്നതും പൊടുന്നനെ യാത്രാക്കൂലി വർദ്ധിപ്പിക്കുന്നതും തടയുവാനും എയർലൈനുകൾ അവരുടെ വെബ്സൈറ്റിൽ ഓരോ റൂട്ടിലേയും എല്ലാ വിഭാഗത്തിലുമുള്ള ടിക്കറ്റ് നിരക്കുകൾ പ്രദർശിപ്പിക്കണമെന്ന് ഡയറക്ടർ ജനറൽ ഓഫ് സിവിൽ ഏവിയേഷൻ എയർലൈനുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്ന വിവരം സംസ്ഥാന സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

വിദേശ രാജ്യങ്ങളിൽ മരണപ്പെടുന്ന പ്രവാസി കേരളീയരുടെ സാമ്പത്തിക ആനുകൂല്യങ്ങൾ

49 (5396) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദേശ രാജ്യങ്ങളിൽ വിവിധ ജോലികൾക്കായി പോകുകയും അവിടെ വിവിധ സാഹചര്യങ്ങളിൽ മരണപ്പെടുകയും ചെയ്ത എത്ര കേസുകൾ ഈ സർക്കാർ കാലയളവിൽ ഉണ്ടായി എന്ന് പറയാമോ ;

(ബി) വിവിധ വിദേശ രാജ്യങ്ങളിൽ ജോലിക്കപോയി അവിടെ വച്ച് മരണപ്പെടുന്ന തൊഴിലാളികളുടെ തൊഴിലവകാശങ്ങൾ, കൂലി, കടിശ്ശിക, ഇൻഷുറൻസ് തുടങ്ങിയ ആനുകൂല്യങ്ങൾ യഥാസമയം ലഭിക്കാറുണ്ടോ ;

(സി) ഇപ്രകാരം തുക ലഭിക്കാത്ത കേസുകളിൽ ഈ പ്രശ്നത ലഭിക്കുന്നതിന് കേരള സർക്കാർ എന്തെല്ലാം ഇടപെടലുകളാണ് നടത്തുന്നതെന്ന് വ്യക്തമാക്കുമോ ;

(ഡി) ഇപ്രകാരം ജോലിക്കായി വിദേശങ്ങളിൽ പോയി മരണമടയുന്നവർക്ക് സംസ്ഥാന സർക്കാർ നൽകുന്ന സാമ്പത്തിക സഹായം എത്രയാണെന്ന് പറയാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വിദേശ രാജ്യങ്ങളിൽ വിവിധ സാഹചര്യങ്ങളിൽ മരണപ്പെടുന്നവരുടെ വിശദ വിവരങ്ങൾ സർക്കാരിൽ ലഭിക്കാറില്ല. വിദേശ രാജ്യങ്ങളിൽ ജോലി തേടിപ്പോയി വിവിധ സാഹചര്യങ്ങളിൽ മരണപ്പെട്ടവരുടെ 19-ഓളം കേസുകൾ ഈ സർക്കാരിന്റെ കാലയളവിൽ നോർക്ക റൂട്ട്സിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളതായി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചിട്ടുണ്ട്.

(ബി&സി) വിവിധ വിദേശ രാജ്യങ്ങളിൽ ജോലിക്കുപോയി അവിടെവച്ച് മരണപ്പെടുന്ന തൊഴിലാളികളുടെ ആശ്രിതർക്ക് ആനുകൂല്യങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നിവേദനങ്ങൾ ലഭിക്കുന്നുണ്ട്. ആയത് ഇന്ത്യൻ എംബസ്സിയുടെ ശ്രദ്ധയിൽകൊണ്ടുവന്ന് സർവ്വീസ് ആനുകൂല്യങ്ങളും മറ്റ് ആനുകൂല്യങ്ങളും വേഗത്തിൽ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാറുണ്ട്.

(ഡി) ഇപ്രകാരം വിദേശരാജ്യങ്ങളിൽ മരണമടയുന്നവരുടെ ആശ്രിതർക്ക് സാന്ത്വന/ചെയർമാൻ ഫണ്ട് പദ്ധതിയിൻകീഴിൽ നിബന്ധനകൾക്ക് വിധേയമായി പരമാവധി ഒരു ലക്ഷം രൂപയും പ്രവാസി തിരിച്ചറിയൽ കാർഡ് ഉടമകളായ പ്രവാസികൾ അപകടത്തിൽ മരണപ്പെട്ടാൽ കുടുംബാംഗങ്ങൾക്ക് 2 ലക്ഷം രൂപയും ധനസഹായമായി നൽകിവരുന്നുണ്ട്.

നോർക്ക റൂട്ട്സിലെ നിയമന ക്രമക്കേടുകൾ

50 (5397) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2005-ൽ നോർക്ക റൂട്ട്സിൽ ജീവനക്കാരെ സ്ഥിരപ്പെടുത്തിയതിലെ ക്രമക്കേടുകൾ സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടന്നിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) വിജിലൻസ് അന്വേഷണം നടന്നിട്ടില്ല.